## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3008

03.04.2013-ൽ മറുപടി
നൽകേണ്ടിയിരുന്നത്

# കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന പദ്ധതികൾക്കും വകയിരുത്തിയ പദ്ധതി വിഹിതം

**ചോദ്യം**

ശ്രീ.കെ.രാധാകൃഷ്ണൻ

**ഉത്തരം**

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി)

എ) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾ വഴി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്രയാണ് ;

എ) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇന്ദിരാ ആവാസ് യോജന | 8128.00 |
| 2 | സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) | 1503.00 |
| 3 | ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്.) - ബ്ലോക്ക് പഞ്ചായത്ത് | 680.00 |
| 4 | ഹരിയാലി / സംയോജിത നീർത്തട പരിപാലന പരിപാടി | 400.00 |
| 5 | പ്രാദേശിക വികസനത്തിന് വകയിരുത്തുന്ന പദ്ധതി വിഹിതം (വികസന ഫണ്ട്) | 37517.36 |

ബി) കേന്ദ്രാവിഷ്കൃത പദ്ധതി കൾക്കും ബ്ലോക്ക് പഞ്ചായ ത്തുകൾ വഴി നടപ്പാക്കുന്ന പദ്ധതികൾ ക്കുമായി അനുവദിച്ചി രുന്ന തുകയിൽ മാർച്ച് 31 വരെ ചെലവഴിച്ച തുക യുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കുമായി ആകെ ലഭ്യമായ തുകയിൽ ഈ വർഷം മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | നീക്കിയിരുപ്പ് തുക ഉൾപ്പെടെ ആകെ ലഭ്യമായ തുക | 2013 മാർച്ച് 31 വരെ ചെലവഴിച്ച തുക രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഇന്ദിരാ ആവാസ് യോജന | 21085.61 | 5457.82 |
| 2 | സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) | 206.35 | 31.65 |
| 3 | ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്.) - ബ്ലോക്ക് പഞ്ചായത്ത് | 680 | 289.02 |
| 4 | ഹരിയാലി / സംയോജിത നീർത്തട പരിപാലന പരിപാടി | 3286.86 | 556.96 |
| 5 | പ്രാദേശിക വികസനത്തിന് വകയിരുത്തുന്ന പദ്ധതി വിഹിതം (വികസന ഫണ്ട്) | 41622.21 | 38046.20 |

സി) ഇതിൽ പട്ടികജാതി - വർഗ്ഗ ക്ഷേമ വികസന പദ്ധതികൾക്കായി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

സി) മേൽ പദ്ധതികളിൽ ഇന്ദിരാ ആവാസ് യോജന, സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന, പ്രാദേശിക വികസനത്തിന് വകയിരുത്തുന്ന പദ്ധതി വിഹിതം (വികസന ഫണ്ട്) എന്നിവയിൽ പട്ടികജാതി - വർഗ്ഗ ക്ഷേമ വികസന പദ്ധതികൾക്കായി പ്രത്യേകം തുക വകയിരുത്തുന്നുള്ളൂ. ആയതിൽ ആകെ ലഭ്യമായ തുകയിൽ നിന്നും വിനിയോഗിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) | |
|---|---|---|---|
| | | പ്രത്യേക ഘടക പദ്ധതി (എസ്.സി.പി) | പട്ടിക വർഗ്ഗ ഉപ പദ്ധതി (ടി.എസ്.പി.) |
| 1 | ഇന്ദിരാ ആവാസ് യോജന | 6180.89 | 931.01 |
| 2 | സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) | 40.70 | 0.00 |
| 3 | പ്രാദേശിക വികസനത്തിന് വകയിരുത്തുന്ന പദ്ധതി വിഹിതം (വികസന ഫണ്ട്) | 6312.06 | 773.57 |

സെക്ഷൻ ഓഫീസർ